S-20cu7
Penalty ₹-12500/-
25/01/2020

DESPATCHED On 30/11/2023

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561613, 2561614, 2561615, Fax: 0471-2330920
Email:- sic@kerala.nic.in

**CP.86(5)/19/SIC File No. 2815/SIC-G7/19**

സന്നിഹിത

ശ്രീമതി ശ്രീലത. പി. ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

Sri. M.K. Samuel,
S/o Cherian Oommen (L),
Manckal House,
Venmony P.O, Chengannur,
Alappuzha . } Petitioner

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട്,
കളക്ടറേറ്റ്, ആലപ്പുഴ.

ശ്രീ. എം. ബഷീർ,
മുൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഫിർദൗസ്, യാഫി മസ്ജിദ് റോഡ്,
സക്കറിയ വാർഡ്, ആലപ്പുഴ – 12.

ശ്രീ. മനോജ്. കെ. ആർ,
തഹസിൽദാർ, താലൂക്ക് ഓഫീസ്,
അമ്പലപ്പുഴ.

അപ്പീൽ അധികാരി &
ഡെപ്യൂട്ടി കളക്ടർ (എൽ. ആർ),
ജില്ലാ കളക്ടറേറ്റ്, ആലപ്പുഴ. } എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

1. ബഹു. കേരള ഹൈക്കോടതിയുടെ WP (C) No. 3576/2019 നമ്പർ കേസിലെ 06.02.2019 ലെ വിധി പ്രകാരം AP No. 675(1)/2012/SIC എന്ന അപ്പീൽഹർജി CP No. 86(5)/19/SIC ആയി ഒരിക്കൽ കൂടി പരിഗണിച്ച് 25.03.2019 തീയതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. മേപ്പടി ഉത്തരവിൽ, പരാതിക്കാരന്റെ 05.02.2011 ലെ വിവരാവകാശ അപേക്ഷയിൽ വിവരം ലഭ്യമായിട്ടില്ല എന്നും കൂടാതെ മുൻ മുഖ്യ വിവരാവകാശ കമ്മീഷണറുടെ ഉത്തരവ് നടപ്പിലാക്കിയിട്ടില്ല എന്നും കമ്മീഷന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി റിപ്പോർട്ട് ആവശ്യപ്പെടുകയും മുൻ മുഖ്യ വിവരാവകാശ കമ്മീഷണറുടെ

gs

17.03.2015 ലെ ഉത്തരവും നടപ്പിലാക്കി രേഖാമൂലം അറിയിക്കുവാൻ ഇപ്പോഴത്തെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് ഉത്തരവ് നൽകുകയും ഉണ്ടായി.

2. പ്രസ്തുത ഉത്തരവിനെ തുടർന്ന് 26.03.2019 തീയതി ആലപ്പുഴ കളക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ട് കൂടിയായ എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ അറിയിച്ചത് താഴെ പറയും പ്രകാരമാണ്.

3. 02.05.2010 ൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം മുമ്പാകെ സമർപ്പിച്ച സാധാരണ അപേക്ഷ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന 22.09.2010 തീയതി ടി ഓഫീസിൽ ലഭ്യമാക്കിയിരുന്നതും ആയത് സി1 38871/08 നമ്പർ പ്രകാരമുള്ള ഫയലിൽ നടപടി സ്വീകരിച്ചിട്ടുള്ളതും 300/09 നമ്പറായി സമർപ്പിച്ച അപേക്ഷ 18.12.2009 ൽ ചെങ്ങന്നൂർ തഹസിൽദാർക്ക് അന്വേഷണത്തിനും റിപ്പോർട്ടിനുമായി അയച്ചു കൊടുത്തിട്ടുള്ളതും റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതിനാൽ 28.01.2010 ൽ ചെങ്ങന്നൂർ തഹസിൽദാർക്ക് ഓർമ്മ കുറിപ്പ് നൽകിയിട്ടുണ്ട് എന്ന വിവരം 02.02.2010 ന് പരാതിക്കാരനെ അറിയിച്ചിരുന്നു എന്നുമാണ്.

4. മേപ്പടി ഉത്തരവിൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒയുടെ വിശദീകരണം ആവശ്യപ്പെട്ടതിനെ തുടർന്ന് 10.04.2019 ൽ ശ്രീ. മനോജ്. കെ. ആർ അറിയിക്കുന്നത്, 05.02.2011 ലെ വിവരാവകാശ അപേക്ഷയ്ക്ക് 17.02.2011 ൽ എസ്.പി.ഐ.ഒ നൽകിയ മറുപടിക്കെതിരെയാണ് 04.03.2011 ൽ ഒന്നാം അപ്പീൽ സമർപ്പിച്ചത് എന്നും ടി അപ്പീൽ പരിഗണിച്ച് 05.02.2011 ന് നൽകിയ വിവരാവകാശ അപേക്ഷയിൽ മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ 15.06.2011 ന് അപ്പീൽ തീർപ്പാക്കി എന്നുമാണ്.

5. പ്രസ്തുത വിശദീകരണം തൃപ്തികരമല്ലാത്തതിനെ തുടർന്നും കമ്മീഷന്റെ 25.03.2019 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എതിർകക്ഷി നൽകിയ വിവരം വ്യാജമാണെന്ന് പരാതിക്കാരൻ കമ്മീഷനെ അറിയിച്ചതിനെ തുടർന്നും പ്രസ്തുത പരാതി ഹർജിയിൻമേൽ അന്തിമ തീരുമാനം എടുക്കുന്നതിനായി ബന്ധപ്പെട്ട എതിർകക്ഷികളേയും പരാതിക്കാരനേയും 19.12.2019 തീയതി ഒരിക്കൽ കൂടി നേരിൽ കേൾക്കുകയുണ്ടായി.

6. പ്രസ്തുത നേർവിചാരണാ തീയതി, പരാതിക്കാരന്റെ 05.02.2011 തീയതിയിലെ വിവരാവകാശ അപേക്ഷ സ്വീകരിച്ച ശ്രീ. എം. കെ. ബഷീർ, കമ്മീഷന്റെ ഉത്തരവിൽ പരാമർശിച്ച പ്രകാരമുള്ള വിശദീകരണം ലഭ്യമാക്കിയ ശ്രീ. മനോജ്. കെ. ആർ, പരാതിക്കാരൻ ശ്രീ. എം. കെ. ശാമുവേൽ എന്നിവർ ഹാജരായിരുന്നു

7. നേർവിചാരണയ്ക്ക് ഹാജരായ പരാതിക്കാരൻ കമ്മീഷൻ മുമ്പാകെ അറിയച്ചത് മുൻ മുഖ്യ വിവരാവകാശ കമ്മീഷണറുടെ ഉത്തരവും തുടർന്ന് 25.03.2019 ൽ നൽകിയ ഉത്തരവും എതിർകക്ഷി നടപ്പിലാക്കിയില്ല എന്നും സി.പി.നം. 86(5)/19/എസ്.ഐ.സി പരാതി ഹർജിയിൻമേൽ കമ്മീഷൻ നൽകിയ ഉത്തരവിൻമേൽ വ്യാജമായ വിവരം നൽകി എന്നും മേപ്പടി വിവരാവകാശ അപേക്ഷയിൻമേൽ വിവരം നൽകാതിരുന്ന എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) (2) പ്രകാരമുള്ള ശിക്ഷണനടപടി സ്വീകരിക്കണമെന്നുമാണ്.

8. ആലപ്പുഴ കളക്ടറേറ്റിലെ മുൻ ഭൂപരിഷ്കരണ വിഭാഗം സൂപ്രണ്ടായ ശ്രീ. കെ. ആർ. മനോജ് നൽകിയ വിശദീകരണത്തിൽ താഴെ പറയുന്ന കാര്യങ്ങൾ സൂചിപ്പിക്കുന്നു.

a. പരാതിക്കാരന്റെ വിവരങ്ങൾ ഉൾപ്പെടുന്ന സി1–7587/2011, സി1–12264/2011, സി1–25044/10 എന്നീ ഫയലുകൾ യഥാസമയം തീർപ്പാക്കി റെക്കോർഡിൽ നൽകുകയും ആയത് നിയമാനുസരണം നശിപ്പിച്ചിരുന്നു.

b. ഭൂപരിഷ്കരണ വിഭാഗത്തിലെ സൂപ്രണ്ടായിരുന്ന 2015 കാലയളവിൽ, മേൽ പരാമർശിച്ച ഫയലുകൾ ഒന്നും തന്നെ റഫറൻസിനായി ലഭ്യമല്ലാതിരുന്നതിനാലും വിവരാവകാശ അപേക്ഷ ലഭിച്ച കാലയളവിൽ കളക്ടറേറ്റിലെ ഭൂപരിഷ്കരണ വിഭാഗത്തിലെ എസ്.പി.ഐ.ഒ അല്ലാതിരുന്നതിനാലും ടി അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ സംബന്ധിച്ച് അറിവില്ലായിരുന്നു.

c. 06.03.2015 ലെ വീഡിയോ കോൺഫറൻസിലെ നിർദ്ദേശ പ്രകാരവും ടി വിഷയം സംബന്ധിച്ച് കമ്മീഷന്റെ 17.03.2015 ലെ ഉത്തരവ് പ്രകാരവും ഭൂപരിഷ്കരണ വിഭാഗം സെക്ഷൻ സൂപ്രണ്ട് എന്ന നിലയിൽ ഭൂപരിഷ്കരണ വിഭാഗത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കൂടിയായ ഡെപ്യൂട്ടി കളക്ടർക്ക് ഫയൽ അയച്ച് അംഗീകാരം വാങ്ങി 10.03.2015, 26.03.2015 എന്നീ തീയതികളിൽ ഹർജിക്കാരനും കമ്മീഷനും മറുപടി നൽകി.

d. 17.03.2015 തീയതിയിലെ ഉത്തരവുമായി ബന്ധപ്പെട്ട് പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ടിയാൻ ആയിരുന്നില്ല എന്നും കമ്മീഷൻ മുമ്പാകെ ഹാജരാകാൻ നിർദ്ദേശം ലഭിച്ചു കൊണ്ടുള്ള കത്തിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ജൂനിയർ സൂപ്രണ്ട്, ഭൂപരിഷ്കരണം എന്ന് രേഖപ്പെടുത്തിയതിനാലാണ് 06.03.2015 ലെ നേർവിചാരണയ്ക്ക് ഹാജരായത്.

e. മേൽ പരാമർശിത കാലയളവിൽ ലാന്റ് റവന്യൂ കമ്മീഷണറുടെ 12.06.2014 ലെ എൽ.ആർ.എൽ3–4036/12, ജില്ലാകളക്ടറുടെ 18.07.2014 ലെ എസ്.2–18953/12 നമ്പർ യു.ഒ നോട്ട് എന്നിവ പ്രകാരം എസ്.പി.ഐ.ഒ ഡെപ്യൂട്ടി കളക്ടറും അപ്പലേറ്റ് അതോറിറ്റി ജില്ലാ കളക്ടറും ആയിരുന്നു.

9. 05.02.2011 തീയതി പരാതിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷ സ്വീകരിക്കുകയും തുടർന്ന് വിവരം നൽകാതിരിക്കുകയും ചെയ്ത പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ശ്രീ. എം. ബഷീറിന് മേപ്പടി പരാതി ഹർജിയുമായി ബന്ധപ്പെട്ട് വിശദമായ മൊഴി കമ്മീഷൻ മുമ്പാകെ നൽകാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് പ്രസ്തുത പരാതി ഹർജിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് വിശദമായ റിപ്പോർട്ട് എഴുതി നൽകാൻ കമ്മീഷൻ വാക്കാൽ നിർദ്ദേശം നൽകുകയുണ്ടായി. കമ്മീഷന്റെ വാക്കാൽ നിർദ്ദേശം അനുസരിച്ച് 23.12.2019 ൽ എഴുതി നൽകിയ വിശദീകരണത്തിൽ അറിയിക്കുന്നത്, 05.02.2011 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുന്നതുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചതിൽ 2.05.2010 തീയതി വച്ച് പരാതിക്കാരൻ നൽകിയിട്ടുള്ള വിവരാവകാശ നിയമപ്രകാരമുള്ള അപ്പീൽ അപേക്ഷ മാത്രമാണ് ഫയലിൽ കണ്ടത് എന്നും ടി അപേക്ഷയിൽ ആവശ്യപ്പെട്ട നടപടി പരിശോധിച്ചതിൽ പ്രസ്തുത അപ്പീൽ അപേക്ഷ 02.06.2010 ൽ തീർപ്പാക്കി വിവരം അപേക്ഷകനെ അറിയിച്ചു എന്നും കൂടാതെ മേപ്പടി അപേക്ഷയിൽ റവന്യൂ സെക്രട്ടറിയ്ക്ക് അയച്ചു കൊടുത്ത അപേക്ഷയിൻമേലുള്ള നടപടി വിവരമാണ് ആവശ്യമെന്ന് 05.02.2011 ലെ വിവരാവകാശ അപേക്ഷയിൽ അറിയിച്ചിരുന്നില്ല എന്നുമാണ്.

gs

10. പരാതി ഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, ശ്രീ. എം. കെ. ശാമുവേൽ സമർപ്പിച്ച പരാതി ഹർജിയിൻമേൽ രണ്ട് ഉത്തരവുകൾ നൽകിയിട്ടും 05.02.2011 തീയതി ആലപ്പുഴ കളക്ടറേറ്റിലെ എസ്.പി.ഐ.ഒയ്ക്ക് സമർപ്പിച്ച അപേക്ഷയിൻമേൽ യാതൊരു മറുപടിയും ലഭ്യമായിട്ടില്ല എന്നാണ് കമ്മീഷന് ബോദ്ധ്യപ്പെടുന്നത്. പരാതിക്കാരന്റെ വിവരാവകാശ അപേക്ഷ വ്യക്തമായി മനസ്സിലാക്കാതെയാണ് എതിർകക്ഷികൾ കൈകാര്യം ചെയ്തിട്ടുള്ളത് എന്ന് വ്യക്തം. മേപ്പടി രണ്ട് ഉത്തരവുകൾ നൽകിയിട്ടും ഇപ്പോഴും അവ്യക്തത നിറഞ്ഞ രീതിയിലാണ് എതിർകക്ഷികൾ മൊഴി നൽകിയിരിക്കുന്നത്.

11. മൂന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയും വിശദീകരണവും കമ്മീഷൻ വിശ്വാസത്തിലെടുത്തു കൊണ്ട് മൂന്നാം എതിർകക്ഷി ശ്രീ. മനോജ്. കെ. ആറിനെതിരെ ആരംഭിച്ച ശിക്ഷാനടപടികൾ കമ്മീഷൻ അവസാനിപ്പിക്കുന്നു. മുൻ. മുഖ്യ വിവരാവകാശ കമ്മീഷണർ 17.03.2015 ൽ നൽകിയ നിർദ്ദേശം നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയത്, പരാമർശിത കാലയളവിലെ ഡെപ്യൂട്ടി കളക്ടർ കൂടിയായിരുന്ന എസ്.പി.ഐ.ഒ ശ്രീമതി പി.എ. രാജേശ്വരി യാണെന്ന്, മൂന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ എഴുതി നൽകിയ വിശദീകരണത്തിൽ പരാമർശിച്ചിട്ടുള്ള ലാന്റ് റവന്യൂ കമ്മീഷണറുടെ 12.06.2014 ലെ എൽ.ആർ.എൽ3-4036/12, ജില്ലാകളക്ടറുടെ 18.07.2014 ലെ എസ്.2-18953/12 നമ്പർ യു.ഒ നോട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ കമ്മീഷന് ബോദ്ധ്യപ്പെട്ടു. മുൻ മുഖ്യ വിവരാവകാശ കമ്മീഷണറുടെ 17.03.2015 ലെ ഉത്തരവിലെ അവസാന ഖണ്ഡികയിലെ പരാമർശത്തിൽ, ടിയാൻ ആവശ്യപ്പെട്ട വിവരം സൗജന്യമായി അയച്ചു കൊടുക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം മറ്റൊരു നോട്ടീസ് കൂടാതെ തന്നെ എതിർകക്ഷികൾക്കെതിരെ മേൽ നടപടി സ്വീകരിക്കുന്നതാണ് എന്നാണ്. മേൽ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ടി വീഴ്ച വരുത്തിയ ശ്രീമതി പി.എ. രാജേശ്വരിയെ ശിക്ഷിക്കുവാനും ശിക്ഷയായി 12,500/- രൂപ (പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) ടിയാളിൽ നിന്ന് ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു. ഈ ഉത്തരവ് കിട്ടി 30 ദിവസത്തിനകം എതിർകക്ഷിയായ ശ്രീമതി പി.എ. രാജേശ്വരി **12,500/ -** രൂപ, **"0070-60-118-99 Receipts Under the Right to Information Act, 2005"** എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ടി തുക എതിർകക്ഷിയുടെ ശമ്പളത്തിൽ നിന്നും പിടിച്ച് മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി അടയ്ക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്.

12. 05.02.2011 തീയതിയിലുള്ള പരാതിക്കാരന്റെ വിവരാവകാശ അപേക്ഷ സ്വീകരിച്ച മുൻ എസ്.പി.ഐ.ഒ ശ്രീ. എം. ബഷീർ, മറുപടി നൽകാത്തത് സംബന്ധിച്ച് കമ്മീഷൻ മുമ്പാകെ നൽകിയ വിശദീകരണം ഒട്ടും തൃപതികരമല്ലാത്തതിനാൽ ടിയാനെ ശിക്ഷിക്കുവാനും ശിക്ഷയായി **12,500/-** രൂപ ( പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) ടിയാനിൽ നിന്നും പിഴയായി ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു. ഈ ഉത്തരവ് കിട്ടി 30 ദിവസത്തിനകം എതിർകക്ഷിയായ ശ്രീ.

gs

എം. ബഷീർ **12,500/ -** രൂപ, **"0070-60-118-99 Receipts Under the Right to Information Act, 2005"** എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ടി തുക എതിർകക്ഷിയുടെ പെൻഷനിൽ നിന്നും പിടിച്ച് മേൽപ്പറഞ്ഞ ശീർഷ കത്തിൽ സമയബന്ധിതമായി അടയ്ക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതുമാണ്.

13. കമ്മീഷന്റെ 20.03.2019 ലെ വീഡിയോ കോൺഫറൻസിലെ നിർദ്ദേശത്തെ തുടർന്ന് 05.02.2011ലെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം 26.03.2019 തീയതി പരാതിക്കാരന് അയച്ചു നൽകി എന്ന് ഒന്നാം എതിർകക്ഷി അവകാശപ്പെടുന്നുണ്ട് എങ്കിലും പ്രസ്തുത മറുപടിയിലും അപാകതയുളളതായി കാണുന്നു. കമ്മീഷന്റെ രണ്ട് ഉത്തരവുകൾ ഉണ്ടായിട്ടും പരാതിക്കാരൻ ആവശ്യപ്പെട്ട വിവരം ഇപ്പോഴും പൂർണമായി ലഭ്യമാകാത്ത സാഹചര്യത്തിൽ, ടിയാന്റെ പരാതിയുമായി ബന്ധപ്പെട്ട ഫയൽ ഒരിക്കൽ കൂടി പരിശോധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

14. ഇപ്രകാരം ഈ പരാതിഹർജി ഇന്നേ ദിവസം ജനുവരി മാസം 25–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

ശ്രീലത. പി. ആർ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി. (ഫിനാൻസ്)

gs